# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5466** **1.07.2019-ൽ മറുപടിക്ക്**

### മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

| | ചോദ്യം<br>ശ്രീ.എം. ഉമ്മർ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വകുപ്പ് 2019-20 സാമ്പത്തിക വർഷത്തിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | വിതരണ മേഖലയിൽ മഞ്ചേരി നിയോജക മണ്ഡലത്തിനു കീഴിൽ 2019 - 20 സാമ്പത്തിക വർഷത്തിൽ 18.525 കി.മീ എച്ച് .ടി. ഓവർ ഹെഡ് ലൈനുകൾ, 4.5 കി.മീ എച്ച്.ടി. ABC ലൈനുകൾ, 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 3.6 കി.മീ എച്ച് .ടി. ഓവർ ഹെഡ് ലൈൻ ABC ലൈൻ ആക്കി മാറ്റുക, 22.19 കി.മീ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി കൺവേർഷൻ നടത്തുക, 9 കി.മീ. എച്ച്.ടി. ലൈനുകളും 269.95 എൽ.ടി. ലൈനുകളും റീ കണ്ടക്ടറിംഗ് ചെയ്യുക എന്നീ പ്രധാന പ്രവൃത്തികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രധാന പ്രവൃത്തികളുൾപ്പെടെയുള്ള എല്ലാ പ്രവൃത്തികൾക്കുമായി ദ്യുതി - 2021 പദ്ധതിയിൽ 623.02 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>(i) മഞ്ചേരി നിയോജക മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രസരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 220 കെ.വി സബ്സ്റ്റേഷൻ, മഞ്ചേരി (എളങ്കൂർ) യുടെ നിർമ്മാണം ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ പ്പെടുത്തി ചെയ്തുവരുന്നുണ്ട്. രണ്ട് 100 MVA ട്രാൻസ്ഫോർമർ ശേഷിയുള്ള ഈ സബ്സ്റ്റേഷൻ 2019–ൽ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ഈ സബ്സ്റ്റേഷനെ നിലവിലുള്ള 110 കെ.വി പ്രസരണ ശൃംഖലയുമായി ബന്ധപ്പെടുത്തുന്ന പ്രവൃത്തികളും ഈ സാമ്പത്തിക വർഷം നടന്നു വരുന്നു.<br>(ii) മഞ്ചേരി മുതൽ നിലമ്പൂർ വരെയുള്ള 66 |

| | | | |
|---|---|---|---|
| | | | കെ.വി ലൈൻ 110 കെ.വി ആയി ഉയർത്തുന്ന പ്രവൃത്തിയും ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ചതും നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ പ്രവൃത്തികളുടെ വിവരം തരം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം വിതരണ മേഖലയിൽ ആരംഭിച്ചിട്ടുള്ളതിൽ 11 കെ.വി. ലൈൻ നിർമ്മാണ പ്രവൃത്തികളിൽ 3.3 കിലോമീറ്ററും, ട്രാൻസ്ഫോർമറുകളുടെ ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവൃത്തികളിൽ അഞ്ചും പൂർത്തീകരിക്കാനുണ്ട്. ഇതിന്റെ പ്രവത്തികൾ പുരോഗമിക്കുന്നു. പ്രസരണ മേഖലയിലെ പ്രവൃത്തികൾ മുൻ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ചവയും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളവയുമാണ്. |

സെക്ഷൻ ഓഫീസർ